<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>വി-കെയർ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വി കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വി കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | വി കെയർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും എന്തെല്ലാമാണെന്ന് അറിയിക്കാമോ; വിശദവിവരം നൽകുമോ? | (ബി) | വി കെയർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും **അനുബന്ധം II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ജില്ല | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|
| കാസർകോട് | 12 | 4 | 4 | 0 | 2 |
| കണ്ണൂർ | 43 | 11 | 7 | 3 | 2 |
| വയനാട് | 7 | 1 | 2 | 0 | 1 |
| കോഴിക്കോട് | 21 | 3 | 7 | 2 | 2 |
| മലപ്പുറം | 21 | 3 | 2 | 8 | 4 |
| പാലക്കാട് | 18 | 8 | 4 | 2 | 2 |
| തൃശ്ശൂർ | 22 | 10 | 2 | 7 | 8 |
| എറണാകുളം | 17 | 7 | 3 | 2 | 2 |
| ഇടുക്കി | 14 | 2 | 1 | 0 | 0 |
| കോട്ടയം | 17 | 7 | 2 | 3 | 0 |
| ആലപ്പുഴ | 9 | 5 | 5 | 3 | 5 |
| പത്തനംതിട്ട | 10 | 4 | 0 | 3 | 3 |
| കൊല്ലം | 14 | 13 | 8 | 10 | 8 |
| തിരുവനന്തപുരം | 66 | 22 | 18 | 30 | 17 |
| **Total** | **291** | **100** | **65** | **73** | **56** |

**അനുബന്ധം II**

വി-കെയർ പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ സാമൂഹ്യ സുരക്ഷാമിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക- സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും, ടി അന്വേഷണ റിപ്പോർട്ടിന്റെയും, ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന വി-കെയറിന്റെ വിവിധ കമ്മിറ്റിയിൽ ഇവ പരിഗണിക്കുകയും ചെയ്യും. അപേക്ഷകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് വി കെയർ കമ്മിറ്റികളിൽ പരിഗണിച്ച് സഹായം നൽകുകയും ചെയ്തു വരുന്നു.

| വീ കെയർ കമ്മിറ്റികൾ | അനുവദിക്കാവുന്ന തുക |
|---|---|
| ഇംപ്ലിമെന്റേഷൻ കമ്മിറ്റി | 10,000/- രൂപ വരെ |
| എക്സിക്യൂട്ടീവ് കമ്മിറ്റി | 1,00,000/- രൂപ വരെ |
| ഗവേണിംഗ് ബോഡി | 1,00,000/- രൂപയ്ക്ക് മുകളിൽ |

**മാനദണ്ഡങ്ങൾ**

- അപേക്ഷകനും കുടുംബവും കേരള സംസ്ഥാനത്ത് ജനിച്ചവരും സംസ്ഥാനത്തിനകത്ത് സ്ഥിരതാമസക്കാരുമായിരിക്കണം.
- അപേക്ഷകനോ കുടുംബാംഗങ്ങളോ ആരും തന്നെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവരോ സ്റ്റാറ്റ്യൂട്ടറി പെൻഷൻ വാങ്ങുന്നവരോ ആകാൻ പാടില്ല.
- ഗുണഭോക്താക്കൾ ബി.പി.എൽ വിഭാഗക്കാരായിരിക്കണം. രണ്ടുലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗങ്ങൾക്കും ചികിത്സാ ആനുകൂല്യങ്ങക്കായി പരിഗണിക്കുന്നതാണ്.
- അപേക്ഷകർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായം സാധാരണ ഗതിയിൽ ഒറ്റത്തവണമാത്രം അനുവദിക്കുന്നതായിരിക്കും.
- ആവർത്തനചെലവുകൾക്കുള്ള ധനസഹായം ഈ പദ്ധതിയിൽപ്പെടുത്തി വിതരണം ചെയ്യുന്നതല്ല.
- വി-കെയർ പദ്ധതിയനുസരിച്ചുള്ള ധനസഹായം ജീവൻ രക്ഷാ ചികിത്സകൾക്കും , ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും അതിനോടനുബന്ധിച്ചുള്ള ആശുപത്രി കിടത്തി ചികിത്സകൾക്കും മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത തുക ആശുപത്രി/ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മിഷൻ നേരിട്ട് കൈമാറുന്നതാകുന്നു.
- റീ ഇംപേഴ്സമെന്റ് സമ്പ്രദായം മുഖേന ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതല്ല.
- ഒരു കുടുംബത്തിൽ ഒരു വ്യക്തിക്ക് മാത്രമേ വി-കെയർ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകുകയുള്ളൂ. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷയുടെ സ്വഭാവമനുസരിച്ച് ഗവേണിംഗ് ബോഡി ചെയർപേഴ്സണ് വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാവുന്നതാണ്.
- അപേക്ഷ സ്വീകരിക്കൽ, നിരസിക്കൽ, ഭാഗികമായോ പൂർണ്ണമായോ ധനസഹായം അനുവദിക്കൽ തുടങ്ങി പദ്ധതി മാനേജ്മെന്റുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പദ്ധതി മാർഗ്ഗരേഖകൾക്ക് വിധേയമായി കേരള സാമൂഹ്യസുരക്ഷാമിഷന്റെ സമ്പൂർണ്ണ അധികാരപരിധിയിൽ ഉൾപ്പെടുന്ന ഒന്നായിരിക്കും.
- അപേക്ഷകർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതിനും നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ച് ബന്ധപ്പെട്ട മറ്റു തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ സാമൂഹ്യ സുരക്ഷാ മിഷന് അധികാരം ഉണ്ടായിരിക്കും.
- വി-കെയർ പദ്ധതി മുഖാന്തിരം പരമാവധി ചികിത്സാ സഹായം 5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.അതിൽ കൂടുതൽ തുക അനുവദിക്കേണ്ടി വന്നാൽ ഗവേർണിംഗ് ബോഡി ചെയർ പേഴ്സന്റെ വിവേചനാധികാരമുപയോഗിച്ച് തീരുമാനമെടുക്കാവുന്നതാണ്.
- സാധാരണ ഗതിയിൽ വി-കെയർ പദ്ധതി ധനസഹായം സർക്കാർ ആശുപ്രതി ചികിത്സക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാകുന്നു. എന്നാൽ അപേക്ഷ സ്ക്രൂട്ടണിയുടെ ഭാഗമായി രൂപീകരിക്കപ്പെടുന്ന മെഡിക്കൽ ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തുവാൻ ഉദ്ദേശിക്കുന്നവർക്കും ധനസഹായം അനുവദിക്കുന്നതിന് സാമൂഹ്യസുരക്ഷാ മിഷൻ ചെയർപേഴ്സണിന് അധികാരമുണ്ടായിരിക്കും. ഇതിനായി ഗവൺമെന്റ്

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റിൽ നിന്നുള്ള ഒരു റഫറൽ കത്ത് രോഗി/ അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- മെഡിക്കൽ ബോർഡ് രോഗിയെ ചികിത്സാരേഖകളുടെ അടിസ്ഥാനത്തിൽ നേരിട്ടോ ഓൺ ലൈനിലോ ഉള്ള പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

- **<u>അപേക്ഷിക്കേണ്ടവിധം:-</u>**

  വെള്ള കടലാസിൽ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പരും എഴുതി തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ് പകർപ്പ്, റേഷൻ കാർഡ് പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് (എ.പി.എൽ വിഭാഗം മാത്രം – രണ്ട് ലക്ഷം രൂപ വരെ വരുമാന പരിധി), ചികിത്സയും ചികിത്സാ ചെലവും സംബന്ധിക്കുന്ന രേഖകൾ, സ്കാനിംഗ് റിപ്പോർട്ടുകൾ, ചികിത്സ സ്വകാര്യ ആശുപത്രിയിൽ ആണെങ്കിൽ ഗവ:ആശുപത്രിയിലെ മെഡിക്കൽ വിദഗ്ധരുടെ റഫറൽ കത്ത്, മരുന്നുകൾക്ക് (മരുന്നിന്റെ അളവും ഉപയോഗിക്കേണ്ട കാലയളവും) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.